പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *460 — 24.10.2016-ൽ മറുപടിക്ക്**

## സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. റോജി എം. ജോൺ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിന് പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ വിശദമാക്കുമോ: | (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ചും പോലീസിന്റെ ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികൾ മുഖാന്തിരം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ ജനമൈത്രി പോലീസിന്റെയും, സൈബർ സെല്ലിന്റെയും സംയുക്ത സഹകരണത്തോടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശങ്ങൾ ഉടനടി പോലീസിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നടത്തി വരുന്നതും, വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഈ വിവരം പോലീസിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് വഴിയും മറ്റു മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനവും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ചു; | (ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് സൈബർ ഡോമിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പോലീസ് വകുപ്പിലെ സൈബർ സെല്ലിലെ ഉദ്യോഗസ്ഥരും പുറമെ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളും ടി വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. |

| | |
|---|---|
| (സി) മറ്റേതെങ്കിലും വകുപ്പിന്റെ സഹകരണം പ്രസ്തുത പദ്ധതിക്കുണ്ടോ; വിശദാംശം നൽകുമോ? | (സി) തദ്ദേശ സ്വയംഭരണ വകുപ്പ്, എക്സൈസ്, സാമൂഹ്യ ക്ഷേമ വകുപ്പ്, യൂത്ത് കമ്മീഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം പ്രസ്തുത പദ്ധതിക്ക് ലഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ